No. CEE/5500/2017/KEAM-2018/TA1/Fee Concession

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ പ്രവേശനം

### കുറഞ്ഞ വരുമാനക്കാർക്കുള്ള ഫീസിളവിന് അർഹരായവരുടെയും ട്യൂഷൻ ഫീ വൈവർ സ്കീമിന് അർഹരായവരുടെയും അന്തിമ ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

2018-19 അദ്ധ്യയന വർഷത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന് (KSFECMA) കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും, ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് അസോസിയേഷന് (ACMA) കീഴിലുള്ള സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലും പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ കുറഞ്ഞ വരുമാനക്കാർക്ക് ഫീസിളവ് നൽകാനുള്ള സർക്കാർ ഉത്തരവ് പ്രകാരം അർഹരായ വിദ്യാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് അർഹമായ തുക തിരികെ നൽകുന്നതിന് കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന് (KCECMA) കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഫീസിളവിന് അർഹരായ വിദ്യാർത്ഥികളെ സർക്കാർ ഉത്തരവ് പ്രകാരം അതത് കോളേജ് മാനേജ്മെന്റുകൾ കണ്ടെത്തുന്നതാണ്. ഇതിനായി വിദ്യാർത്ഥികളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് കോളേജുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2018–19 വർഷത്തെ എഞ്ചിനീയറിംഗിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ ട്യൂഷൻ ഫീ വൈവർ സ്കീമിൽ ഉൾപ്പെടാൻ യോഗ്യതയുള്ള ഏതാനും വിദ്യാർത്ഥികളെയും കൂടി ഉൾപ്പെടുത്തിയിട്ടുള്ള പുതുക്കിയ അന്തിമ ലിസ്റ്റും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലിസ്റ്റ് സംബന്ധിച്ച വിവരം വെബ് സൈറ്റിൽ നിന്നും അറിയാവുന്നതും ഫീസ് ആനുകൂല്യം ലഭിക്കുന്നതിന് ബന്ധപ്പെട്ട കോളേജുകളെ സമീപിക്കാവുന്നതുമാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471-2339101, 2339102, 2339103 & 2339104** (10 am-5 pm)

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19 .11.2019